കൂട്ടിയും കിഴിച്ചും മുന്നണികൾ; ഏറ്റവും കുറഞ്ഞ പോളിംഗ് കാസർകോട്ട്, കൂടുതൽ മഞ്ചേശ്വരത്ത്

കാസർകോട്: നിയമസഭാ തെരഞ്ഞെടുപ്പിൽ കാസർകോട് ജില്ലയിലെ അഞ്ചു മണ്ഡലങ്ങളിൽ ആര് വിജയിക്കും? പോളിംഗ് കഴിഞ്ഞതോടെ മുന്നണികളും സ്ഥാനാർത്ഥികളും പാർട്ടി പ്രവർത്തകരും കണക്കു കൂട്ടലിൽ സജീവം.

കാസർകോട് ഒഴികെയുള്ള നാലു മണ്ഡലങ്ങളിലും തികഞ്ഞ വിജയ പ്രതീക്ഷയിലാണ് ഇടതു മുന്നണി. കാസർകോട്ടും ശക്തമായ നില ഉണ്ടാകുമെന്നും ഇടതു മുന്നണി വിലയിരുത്തുന്നു.

ബൂത്തുകളിൽ നിന്നു ലഭിച്ച കണക്കുകൾ പ്രകാരം സി പി എമ്മിന്റെയും ഘടക കക്ഷികളുടെയും ഏജന്റുമാർ നൽകിയ കണക്കുകൾ ലോക്കൽ തലങ്ങളിൽ പരിശോധന നടത്തിയ ശേഷം മണ്ഡലം കമ്മിറ്റികൾക്കും ജില്ലാ കമ്മിറ്റിക്കും നൽകി. പ്രാഥമിക കണക്കുകളാണ് നൽകിയത്. ഇതിന്മേലുള്ള കരടു റിപ്പോർട്ടുകൾ തയ്യാറാക്കി ജില്ലാ ഘടകം അന്തിമ വിലയിരുത്തൽ നടത്തും.

യു ഡി എഫും തികഞ്ഞ പ്രതീക്ഷയിലാണ്. മഞ്ചേശ്വരം, കാസർകോട് മണ്ഡലങ്ങൾക്കൊപ്പം ഇത്തവണ ഉദുമയിലും തികഞ്ഞ വിജയ പ്രതീക്ഷ ഉണ്ടെന്നാണ് യു ഡി എഫിന്റെയും കോൺഗ്രസിന്റെയും പ്രാഥമിക വിലയിരുത്തൽ. യു ഡി എഫ് സ്ഥാനാർത്ഥി ബാലകൃഷ്ണൻ പെരിയ 1000നും 2000 നും ഇടയിൽ ഭൂരിപക്ഷം നേടി വിജയിക്കുമെന്നും പാർട്ടി കണക്കു കൂട്ടുന്നു. ശക്തമായ ത്രികോണ മത്സരം നടന്ന മഞ്ചേശ്വരത്ത് അന്തിമ വിജയം ആർക്കായിരിക്കുമെന്ന കാര്യത്തിൽ പലതരത്തിലുള്ള ചർച്ചകളാണ് തുടരുന്നത്. മഞ്ചേശ്വരത്ത് താമര വിരിയുമെന്ന് ബി ജെ പി ഉറച്ചു വിശ്വസിക്കുമ്പോൾ വിജയത്തിൽ ലവലേശം ആശങ്കയില്ലെന്ന നിലപാടിലാണ് മുസ്ലീം ലീഗും യു ഡി എഫും. എന്നാൽ അട്ടിമറി വിജയത്തിലൂടെ മഞ്ചേശ്വരത്ത് 2006 ആവർത്തിക്കുമെന്ന ആത്മവിശ്വാസത്തിലാണ് ഇടതു മുന്നണിയും പ്രവർത്തകരും.അതേസമയം, മഞ്ചേശ്വരത്ത് സി പി എം വോട്ടുകൾ വ്യാപകമായി ബി ജെ പിക്കു മറിച്ചുവെന്നു കെ പി സി സി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ ആരോപിച്ചു.

മഞ്ചേശ്വരത്തെ ബൂത്തുകളിൽ നിന്നു ലഭിക്കുന്ന കണക്കുകൾ വിശകലനം ചെയ്യുന്നതിനായി പ്രധാന പ്രവർത്തകരുടെയും ഭാരവാഹികളുടെയും യോഗം ഇന്നു വൈകിട്ടു ചേരുമെന്നാണ് സൂചന.

എൽ ഡി എഫും യു ഡി എഫും അവകാശ വാദം ഉന്നയിക്കുമ്പോഴും 2000ത്തോളം വോട്ടുകൾക്ക് കെ സുരേന്ദ്രൻ വിജയിക്കുമെന്നാണ് ബി ജെ പിയുടെ പ്രാഥമിക വിലയിരുത്തൽ.

ജില്ലയിൽ ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം മഞ്ചേശ്വരത്ത് രേഖപ്പെടുത്തി; 76.81 ശതമാനം. 2016 ലെ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം 76.19വും 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 75.88ഉം ഉപതെരഞ്ഞെടുപ്പിൽ 75.82 ശതമാനവും ആയിരുന്നു.

ജില്ലയിൽ ഏറ്റവും കുറവ് പോളിംഗ് നടന്നത് കാസർകോട് മണ്ഡലത്തിലാണ് -70.87 ശതമാനം. 2016ൽ 76.38ഉം, ലോക്സഭാ തെരഞ്ഞെടുപ്പിൽ 76.32 ശതമാനവും വോട്ടു രേഖപ്പെടുത്തി. ആറു ശതമാനത്തോളം പേർ ഇത്തവണ വോട്ടു ചെയ്തിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഉദുമ നിയമസഭാ മണ്ഡലത്തിലും വോട്ടിംഗ് ശതമാനത്തിൽ കനത്ത ഇടിവ് ഉണ്ടായി, 75.56 ശതമാനം പേരാണ് ഇത്തവണ വോട്ടവകാശം വിനിയോഗിച്ചത്. 2016ൽ 80.16 ശതമാനവും 2019ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 79.33ശതമാനം പേരും വോട്ടു ചെയ്തു.

കാഞ്ഞങ്ങാട് മണ്ഡലത്തിലും വോട്ട് കുറവ് ഉണ്ടായി. 2016ൽ 78.5 ശതമാനം പേരും ലോക്സഭാ തെരഞ്ഞെടുപ്പിൽ 81.25 ശതമാനം പേരും വോട്ടു രേഖപ്പെടുത്തിയപ്പോൾ ഇത്തവണ 74.35 ശതമാനം പേർ വോട്ടു ചെയ്തു. തൃക്കരിപ്പൂരിൽ 76.77 ശതമാനം പേരാണ് ഇത്തവണ വോട്ടു രേഖപ്പെടുത്തിയത്. 2016ൽ 81.48 ശതമാനവും 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 83.46ശതമാനം പേരും വോട്ടു ചെയ്തു.

അന്തരിച്ചു

വസന്ത റൈ

ബദിയഡുക്ക: പെർളകുദ്വയിലെ വസന്ത റൈ(45) അന്തരിച്ചു. വൃക്കരോഗത്തെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പെർള ടൗണിലെ തയ്യൽ തൊഴിലാളിയായിരുന്നു. മഞ്ചപ്പ റൈ-മമ്മക്ക ദമ്പതികളുടെ മകനാണ്. ഭാര്യ: ദിവ്യശ്രീ. മക്കൾ: ആത്മിറൈ, റൂത്വിറൈ. സഹോദരങ്ങൾ: ജയന്ത, സതീശ്, യതീശ്, കിഷോർ.

പി കുഞ്ഞിരാമൻ

പള്ളത്തിങ്കാൽ: പുലിക്കോട് കുന്നുമ്മലിലെ പി കുഞ്ഞിരാമൻ (60) അന്തരിച്ചു. സി പി എം കുന്നുമ്മൽ മുൻ ബ്രാഞ്ച് സെക്രട്ടറിയാണ്. ഭാര്യ: എം ജാനകി. മക്കൾ: ശ്രീരാജ്, അർജ്ജുനൻ, സിനി. സഹോദരങ്ങൾ: പരേതനായ കണ്ണൻ, കുഞ്ഞാണി, രോഹിണി, പരേതയായ ശാരദ.

അബ്ദുൾഹമീദ്

ഷിരിബാഗിലു: മഞ്ചത്തടുക്കയിലെ അബ്ദുൾ ഹമീദ് (52) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. മഞ്ചത്തടുക്കയിലെ മൊയ്തീൻ കുഞ്ഞി-ബീഫാത്തിമ ദമ്പതികളുടെ മകനാണ്. ഭാര്യ: മറിയംബി. മക്കൾ: ഷംസീർ, മുബഷീർ, മുർഷിദ്, മുസമ്മിൽ ഫിദ.

ബെന്നി

കാഞ്ഞങ്ങാട്: പാണത്തൂർ ചെമ്പേരി അത്തിക്കഞ്ഞ പാലക്കാമറ്റത്തിൽ ബെന്നി (55) അന്തരിച്ചു. ദേഹാസ്വാസ്ഥ്യത്തെ തുടർന്നായിരുന്നു മരണം. മൃതദേഹം പരിയാരം മെഡിക്കൽ കോളേജാശുപത്രിയിലേയ്ക്ക് മാറ്റി. കോവിഡ് പരിശോധനക്കു ശേഷം പോസ്റ്റ്മോർട്ടം നടക്കും. മിനിയാണ് ഭാര്യ. മക്കൾ: കുക്കു, സിനോജ്, തെരേസ. മരുമകൻ: സിനു (ഓട്ടോ ഡ്രൈവർ).

ഫിർദൗസ്

തൃക്കരിപ്പൂർ: തങ്കയം മനവളപ്പിലെ കെ ഫിർദൗസ് (35) അന്തരിച്ചു.

പരേതനായ കെ അബ്ദുൾ ഖാദർ-കോളയത്ത് ബീഫാത്തിമ ദമ്പതികളുടെ മകനാണ്.

ഗായകൻ പ്രവീൺകുമാർ വാഹനാപകടത്തിൽ മരിച്ചു; കണ്ണീരോടെ നാടും ആരാധകരും

പള്ളിക്കര: പ്രശസ്ത ഗായകനും പുല്ലൂർ പെരിയ പഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ പള്ളിക്കര, പാക്കം ചരൽ കടവിലെ പ്രവീൺ കുമാറി(47)ന്റെ അപകടമരണം നാടിനെ കണ്ണീരിലാഴ്ത്തി.

കഴിഞ്ഞ മാസം 26ന് മാണിക്കോത്ത്, അതിഞ്ഞാലിൽ ആയിരുന്നു പ്രവീണിന്റെ മരണത്തിന് ഇടയാക്കിയ അപകടം നടന്നത്. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ പ്രവീൺകുമാർ അതിനു ശേഷം മംഗ്ളൂരുവിലെ സ്വകാര്യ ആശുപത്രിയിലെ വെന്റിലേറ്ററിൽ ആയിരുന്നു. ഇന്നലെ വൈകുന്നേരത്തോടെയാണ് മരണം സ്ഥിരീകരിച്ചത്. പോസ്റ്റുമോർട്ടത്തിന് ശേഷം നാട്ടിലെത്തിക്കുന്ന മൃതദേഹം പുല്ലൂർ-പെരിയ പഞ്ചായത്ത് ഓഫീസിൽ പൊതു ദർശനത്തിന് വെയ്ക്കും.

തെയ്യംകലാകാരൻ ആയിരുന്ന കൃഷ്ണൻ പണിക്കരുടെയും ചന്ദ്രാവതിയുടെയും മകനാണ്. ഭാര്യ: സിന്ധു പ്രവീൺ. മക്കൾ: നവീൻ, അവന്തിക. സഹോദരൻ: പ്രസാദ് (കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ).

കാഞ്ഞങ്ങാട് ദുർഗ്ഗാ ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് പ്രവീൺ കുമാറിലെ സംഗീത പ്രതിഭ അരങ്ങിലെത്തിയത്. 1988ലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ലളിതഗാനത്തിന് ഒന്നാം സ്ഥാനം പ്രവീണിനായിരുന്നു. സംഗീത രത്നം ഡോ. കാഞ്ഞങ്ങാട് രാമചന്ദ്രന്റെ ശിഷ്യത്വത്തിൻ കീഴിലായിരുന്നു പ്രവീൺ മികച്ച നേട്ടം കരസ്ഥമാക്കിയത്. പിന്നീട് പ്രവീണിന്റെ സംഗീത യാത്ര ഉയരങ്ങൾ താണ്ടുകയായിരുന്നു. കാഞ്ഞങ്ങാട് ഭാസ്ക്കര ഭാഗവതർ, കാഞ്ഞങ്ങാട് രാമചന്ദ്രൻ, കാഞ്ഞങ്ങാട് സോമശേഖരൻ എന്നിവരുടെ കീഴിൽ സംഗീത അഭ്യാസം നടത്തിയ പ്രവീൺ കുമാർ പാലക്കാട് ചിറ്റൂർ ഗവ. സംഗീത കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി.

ആകാശവാണിയിൽ ഗ്രേഡ് ആർട്ടിസ്റ്റ് ആയിരുന്നു. സംഗീത നാടക അക്കാദമി പുരസ്ക്കാരം ഉൾപ്പെടെ നിരവധി ബഹുമതികൾ തേടിയെത്തിയ പ്രവീണിന് കണ്ണൂർ, കാസർകോട് ജില്ലകളിലായി നൂറുകണക്കിന് ശിഷ്യന്മാരുണ്ട്. നൃത്തങ്ങൾക്കായി ഗാനങ്ങൾ ചിട്ടപ്പെടുത്തിയ പ്രവീൺ നിരവധി ആൽബങ്ങൾക്കും സംഗീതം പകർന്ന് ശ്രദ്ധേയനായി.

സംഘർഷം; പെരിയയിലും പരിസരങ്ങളിലും കനത്ത സുരക്ഷ

ബേക്കൽ: വോട്ടെടുപ്പിനോടനുബന്ധിച്ച് ഉടലെടുത്ത സംഘർഷാവസ്ഥയെ തുടർന്ന് പെരിയയിലും, പരിസരങ്ങളിലും പൊലീസ് സുരക്ഷ ശക്തമാക്കി. ഇന്നലെ വൈകിട്ട് പെരിയ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പോളിംഗ് ബൂത്ത് പരിസരത്തുണ്ടായ സംഘർഷത്തിൽ ഒരാൾക്ക് പരിക്കേറ്റിരുന്നു. സി പി എം പ്രവർത്തകൻ പെരിയയിലെ മുകേഷിനാണ് (25)പരിക്കേറ്റത്. ഇയാളെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കല്ലേറിലാണ് പരിക്കേറ്റതെന്ന് സി പി എം കേന്ദ്രങ്ങൾ പറയുന്നു. വോട്ടിനെ ചൊല്ലിയുണ്ടായ വാക്കുതർക്കമാണ് സംഘർഷത്തിൽ കലാശിച്ചിരുന്നത്. പൊലീസിന്റെ ശക്തമായ സാന്നിധ്യം രംഗം എളുപ്പം ശാന്തമാക്കി. അടിക്കടി സി പി എം-കോൺഗ്രസ് സംഘർഷമുണ്ടായിരുന്ന പ്രദേശമാണ് പെരിയ. ഇരട്ടക്കൊലപാതകം നടന്ന കല്ല്യോട്ടിന്റെ സമീപ പ്രദേശവുമാണ്. ഒരു വർഷം മുമ്പുണ്ടായ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പെരിയ പ്രദേശം പൊലീസിന്റെ കർശ്ശന നിരീക്ഷണത്തിലാണിപ്പോഴും. പൊലീസ് പിക്കറ്റിംഗും നിലനിൽക്കുന്നുണ്ട്.അതേസമയം വോട്ടെടുപ്പ് സമാധാനപരമായി അവസാനിച്ചതിലുള്ള ആശ്വാസത്തിലാണ് ജനങ്ങളും പൊലീസും. ഇരട്ടക്കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ വ്യാപകമായ അക്രമ സംഭവങ്ങൾ അരങ്ങേറിയേക്കുമെന്ന ആശങ്ക പരക്കെ ഉയർന്നിരുന്നു. ഇതേ തുടർന്ന് കനത്ത പൊലീസ് സുരക്ഷയാണ് എങ്ങും ഏർപ്പെടുത്തിയിരുന്നത്. കല്ല്യോട്ട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കേന്ദ്ര സേനയെയും വിന്യസിച്ചിരുന്നു.

സംഘർഷം; മൂന്നുപേർക്ക് പരിക്ക്

ബേക്കൽ: വോട്ടെടുപ്പിനോടനുബന്ധിച്ച് ഇന്നലെ വൈകീട്ട് പള്ളിപ്പുഴ ഗവ.വെൽഫെയർ സ്കൂൾ പരിസരത്തുണ്ടായ സംഘർഷത്തിൽ മൂന്നുപേർക്ക് പരിക്കേറ്റു. മുസ്ലീംയൂത്ത് ലീഗ് പള്ളിക്കര പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി ആഷിഖ്റഹ്മാൻ (32), പ്രവർത്തകൻ മഠത്തിലെ സിറാജ് (30), സി പി എം പ്രവർത്തകൻ വിജേഷ് (25) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. നിസാര പ്രശ്നത്തെ ചൊല്ലിയുള്ള വാക്കുതർക്കം സംഘർഷത്തിൽ കലാശിക്കുകയായിരുന്നുവെന്ന് പറയുന്നു.

വോട്ടിന്റെ പെൺ പെരുമയിൽ സ്ത്രീകൾ നിയന്ത്രിച്ച പോളിങ് ബൂത്തുകൾ

കാസർകോട്: വോട്ടിന്റെ പെൺ പെരുമ വിളിച്ചോതി സ്ത്രീകൾ നിയന്ത്രിക്കുന്ന പോളിങ് ബൂത്തുകൾ ശ്രദ്ധേയമായി. നിറയെ പിങ്ക് ബലൂണുകൾ കോർത്ത കമാനങ്ങളാണ് കാസർകോട് ഗവ. കോളേജിലെ 139ാം പോളിങ് ബൂത്തിലെത്തിയ വോട്ടർമാരെ സ്വീകരിച്ചത്. ഓരോ മണ്ഡലത്തിലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഏർപ്പെടുത്തിയ സ്ത്രീകൾ നിയന്ത്രിക്കുന്ന പോളിങ് സ്റ്റേഷനാണത്.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലും ഓരോ വനിതാ പോളിംഗ് ബൂത്ത് ഉണ്ടാകണമെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശത്തിന്റെ ഭാഗമായാണ് വിമൻ മാനേജ്ഡ് പോളിംഗ് ബൂത്തുകൾ ഒരുക്കിയത്. ഈ പോളിംഗ് ബൂത്തുകളിൽ ശരീരോഷ്മാവ് പരിശോധിക്കുന്നത് മുതൽ മഷി പുരട്ടി വോട്ട് ചെയ്യാനക്കുന്നതു വരെ ഉള്ള കാര്യങ്ങൾ കൃത്യതയോടെ അവർ ചെയ്തു.

വനിതകൾ നിയന്ത്രിച്ച കാസർകോട് ഗവ. കോളേജിലെ പോളിംഗ് ബൂത്തിൽ നടന്ന തെർമ്മൽ സ്കാനിംഗ്

മഞ്ചേശ്വരം മണ്ഡലത്തിൽ ഉപ്പള ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ബൂത്ത് നമ്പർ 70 , കാസർകോട് മണ്ഡലത്തിൽ കാസർകോട് ഗവ. കോളേജിലെ ബൂത്ത് നമ്പർ 139, ഉദുമ മണ്ഡലത്തിൽ കോട്ടിക്കുളം ജിയുപി സ്കൂളിലെ ബൂത്ത് നമ്പർ 96, കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബല്ല ഈസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ സ്കൂൾ ബൂത്ത് നമ്പർ 142, തൃക്കരിപ്പൂർ മണ്ഡലത്തിൽ നീലേശ്വരം രാജാസ് സ്കൂളിലെ ബൂത്ത് നമ്പർ ആറ് എന്നിവയാണ് വനിതകൾ നിയന്ത്രിച്ച പോളിംഗ് ബൂത്തുകൾ.കാസർകോട് മണ്ഡലത്തിന്റെ പിങ്ക് ബൂത്ത് പ്രിസൈഡിങ് ഓഫീസർ പി.പി ജയന്തി നിയന്ത്രിച്ചു.

സിവിൽ പൊലീസ് ഓഫീസർ ദീപ, കാസർകോട് മുനിസിപ്പാലിറ്റി ആശാവർക്കർ ചിത്ര, അങ്കൺവാടി ഹെൽപ്പർ പ്രമീള എന്നിവരാണ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരക്ക് നിയന്ത്രിച്ച് വോട്ടർമാരെ പോളിങ് ബൂത്തിനകത്തേക്ക് കയറ്റി വിട്ടത്.

നീലേശ്വരം രാജാസ് സ്കൂളിലെ വുമൺ മാനേജ്ഡ് പോളിങ് ബൂത്തിന്റെ ചുമതല പ്രിസൈഡിംഗ് ഓഫീസർ ഗ്രീഷ്മ ജയസേനനാണ്. ഫസ്റ്റ് പോളിംഗ് ഓഫീസർ പി ഷീബ, സെക്കന്റ് പോളിംഗ് ഓഫീസർ വി സീമ, സെക്കന്റ് പോളിംഗ് ഓഫീസർ എൻ കെ ഭവിത, സിവിൽ പൊലീസ് ഓഫീസർ കെ അമൃത. കോവിഡ് മാനദണ്ഡം ഉറപ്പാക്കാൻ അംഗൻവാടി വർക്കർ ഷോജ വിജയൻ എന്നിവരാണ് ബൂത്തിലെ മറ്റ് ഉദ്യോഗസ്ഥർ. അഞ്ഞൂറിലധികം വോട്ടർമാർ ഈ ബൂത്തിലുണ്ട്.

മഞ്ചേശ്വരം: മുല്ലപ്പള്ളിയെ തള്ളി എ കെ എം അഷ്റഫ്

മഞ്ചേശ്വരം: മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ ഇടതു വോട്ടുകൾ ബി ജെ പിക്കു മറിച്ചതായുള്ള കെ പി സി സി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രന്റെ പ്രസ്താവനയെ തള്ളി യു ഡി എഫ് സ്ഥാനാർത്ഥി എ കെ എം അഷ്റഫ്.വോട്ടു മറിച്ചതായി ഞാൻ വിശ്വസിക്കുന്നില്ല. മഞ്ചേശ്വരത്തെ ജനങ്ങൾ മതേതരത്വത്തിനായി വോട്ടു ചെയ്തിരിക്കാമെന്നാണ് കരുതുന്നത്. മംഗൽപ്പാടി പഞ്ചായത്തിലാണ് ഉയർന്ന പോളിംഗ് ശതമാനം. ഇതു യു ഡി എഫിന്റെ ആത്മവിശ്വാസം വർധിപ്പിക്കുന്നു- അഷ്റഫ് പ്രതികരിച്ചു. അതേസമയം മഞ്ചേശ്വരത്തെ വോട്ടു വിവാദം സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായിട്ടുണ്ട്.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4265
പവന്: 34120
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

ജില്ലയിൽ 128 പേർക്ക് കോവിഡ്, 108 പേർക്ക് രോഗമുക്തി

കാസർകോട്: ജില്ലയിൽ 128പേർക്ക് കൂടി കോവിഡ് 19 പോസിറ്റീവായി. ചികിത്സയിലുണ്ടായിരുന്ന 108 പേർക്ക് കോവിഡ് നെഗറ്റീവായതായി ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) ഡോ. എ.വി. രാംദാസ് പറഞ്ഞു. നിലവിൽ 1800 പേരാണ് കോവിഡ് ചികിത്സയിലുള്ളത്. വീടുകളിൽ 8599 പേരും സ്ഥാപനങ്ങളിൽ 469 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 9068 പേരാണ്. പുതിയതായി 766 പേരെ കൂടി നിരീക്ഷണത്തിലാക്കി. പുതിയതായി 1451 സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചു. 782 പേരുടെ പരിശോധനാ ഫലം ലഭിക്കാനുണ്ട്. 413 പേർ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി. 147 പേരെ ആശുപത്രികളിലും കോവിഡ് കെയർ സെന്ററുകളിലുമായി പ്രവേശിപ്പിച്ചു. ആശുപത്രികളിൽ നിന്നും കോവിഡ് കെയർ സെന്ററുകളിൽ നിന്നും 112പേരെ ഡിസ്ചാർജ് ചെയ്തു. 33408പേർക്കാണ് ജില്ലയിൽ ഇതുവരെ കോവിഡ് സ്ഥിരീകരിച്ചത്. 31 293 പേർക്ക് ഇതുവരെ കോവിഡ് നെഗറ്റീവായി. ഇതിൽ 112 പേർക്ക് സസർക്കത്തിലുടെയാണ് രോഗം. ഡൽഹിയിൽ നിന്നും മഹാരാഷ്ട്രയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നു വന്ന രണ്ടു പേർക്ക് വീതം രോഗം സ്ഥിരീകരിച്ചു. കുവൈറ്റിൽ നിന്ന് വന്ന ഒരാൾക്കും യുഎഇയിൽ നിന്ന് വന്ന നാലുപേർക്ക് രോഗം സ്ഥിരീകരിച്ചു. കോവിഡ് സ്ഥിരീകരിച്ചവരുടെ തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക്

തൃക്കരിപ്പൂരിൽ സിപിഎം നടത്തിയത് വധശ്രമം: പി സി തോമസ്

ചെറുവത്തൂർ: തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ ചെറുവത്തൂർ പഞ്ചായത്തിൽ കാരിയിൽ 95 ,96 പോളിംഗ് ബൂത്തുകൾക്കു സമീപംവെച്ച് കേരള കോൺഗ്രസ് സ്ഥാനാർത്ഥി എം.പി ജോസഫിന്റെ പോളിങ് ഏജന്റുമാരെ വോട്ടെടുപ്പ് നടന്ന ശേഷം രാത്രി 7.15 മണിയോടു കൂടി വധിക്കാൻ ശ്രമിച്ചത് കേരളത്തിന്റെ മനസ്സാക്ഷിയെ അമ്പരപ്പിച്ചിരിക്കുകയാണെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാനും, മുൻ കേന്ദ്രമന്ത്രിയുമായ പി.സി. തോമസ് പ്രസ്താവിച്ചു. പ്രതികളെ അറസ്റ്റ് ചെയ്തു നിയമനടപടികൾക്ക് വിധേയമാക്കാനും തക്കതായ ശിക്ഷ നൽകത്തക്ക വിധത്തിൽ കാര്യങ്ങൾ നീക്കുവാനും സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു മുഖ്യമന്ത്രിക്കു ഇമെയിൽ സന്ദേശം അയച്ചതായി തോമസ് പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം 96 ശതമാനം വോട്ട് രേഖപ്പെടുത്തിയ ഈ ബൂത്തുകളിൽ 85 ശതമാനം ആയി കുറഞ്ഞതും ജനപിന്തുണ കാര്യമായി നഷ്ടപ്പെട്ടു എന്ന് ബോധ്യം വന്നതുമാകാം സിപിഎമ്മുകാരെ ഈ രീതിയിലുള്ള നീക്കത്തിനു പ്രേരിപ്പിച്ചത്. ഐഎഎസ് കാരനും, മുൻ കളക്ടറും, മുൻ സീനിയർ ഉദ്യോഗസ്ഥനുമായ എം പി ജോസഫ് മുൻ ആഭ്യന്തര മന്ത്രി കെ എം മാണിയുടെ മരുമകനാണ്.

വി കെ സോമനാഥ കാർ തകർത്ത നിലിയൽ

വീട്ടുമുറ്റത്ത് നിർത്തിയിട്ട കാർ തകർത്തു

ചെറുവത്തൂർ: പിലിക്കോട് എരവിലെ വി കെ സോമനാഥന്റെ വീട്ട് മുറ്റത്ത് നിർത്തിയിട്ടിരുന്ന കാർ തകർത്തു. ഖാദി ബോർഡിലെ റിട്ട. ജീവനക്കാരനാണ്. കഴിഞ്ഞ ദിവസം രാത്രിയാണ് അക്രമം. ചന്തേര പൊലീസ് അന്വേഷണം തുടങ്ങി.

ബസ്സിൽ കടത്താൻ ശ്രമിച്ച മദ്യവുമായി എക്സൈസ് സംഘം

കാസർകോട്ടേക്ക് ബസിൽ കടത്താൻ ശ്രമിച്ച 12.96 ലിറ്റർ മദ്യം പിടിച്ചു

മഞ്ചേശ്വരം: കർണ്ണാടക കെ എസ് ആർ ടി സി ബസിൽ കാസർകോട് ഭാഗത്തേക്ക് കടത്തുകയായിരുന്ന 12.96 ലിറ്റർ മദ്യം പിടികൂടി. ഇന്നലെ വൈകിട്ട് മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ എക്സൈസ് വാഹന പരിശോധനക്കിടെയാണ് മദ്യം പിടിച്ചത്. മംഗ്ളൂരുവിൽ നിന്ന് കാസർകോട്ടേക്ക് വരികയായിരുന്ന ബസിന്റെ പിറക് വശത്ത് ഒരു കാർഡ്ബോർഡ് പെട്ടിയിൽ സൂക്ഷിച്ച നിലയിലായിരുന്നു മദ്യം. 180 എം എല്ലിന്റെ 48 വും 90 എം എല്ലിന്റെ 90 കുപ്പി മദ്യവുമാണ് പെട്ടിയിലുണ്ടായിരുന്നതെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. പ്രിവന്റീവ് ഓഫീസർ രാജീവ് എക്സൈസ് ഓഫീസർമാരായ ബാബു, സുനിൽ കുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

കുറ്റിക്കാട്ടിൽ സൂക്ഷിച്ച മദ്യം പിടിച്ചു

മഞ്ചേശ്വരം: കുറ്റിക്കാട്ടിൽ പ്ലാസ്റ്റിക് ബാഗിൽ സൂക്ഷിച്ചിരുന്ന അഞ്ച് ലിറ്റർ മദ്യം പിടിച്ചു.

ഹൊസങ്കടി ആനക്കൽ പാതയോരത്തെ കുറ്റിക്കാട്ടിൽ നിന്നാണ് 180 എം എല്ലിന്റെ 28 കുപ്പി കർണ്ണാടക മദ്യം ഇന്നലെ കുമ്പള എക്സൈസ് ഇൻസ്പെക്ടർ അഖിലും സംഘവും പിടിച്ചത്. അധികൃതർ അന്വേഷണം ആരംഭിച്ചു.

ദുർഘട പാതകൾ കടന്ന് കൊളത്തുകാട് ഏകാധ്യാപക സ്കൂൾ ബൂത്തുകൾ

കാഞ്ഞങ്ങാട്: വെസ്റ്റ് എളേരി കൊളത്തുകാട് ഏകാധ്യാപക സ്കൂളിലെ ബൂത്തുകളിൽ ഒന്ന് സ്കൂൾ കെട്ടിടത്തിലും രണ്ടാമത്തെ ബൂത്ത് സ്കൂളിന് മുൻവശത്തായി നിർമ്മിച്ച താൽക്കാലിക ഷെഡിലുമാണ് പ്രവർത്തിച്ചത്. കിഴക്കൻ മലയോര മേഖലയിൽ ഭൂമി ശാസ്ത്രപരമായി ഏറെ പ്രത്യേകതകളുള്ള ഈ ബൂത്തിൽ എത്താൻ ചെങ്കുത്തായ കയറ്റവും ഇടുങ്ങിയ റോഡുകളിലൂടെയുള്ള യാത്രയും വേണം. രണ്ട് കുന്നുകളിലായി 1198 വോട്ടർമാർ ഈ ബൂത്തുകളിൽ ഉണ്ട്. ഇതിൽ 30 ശതമാനം പട്ടികവർഗ വോട്ടർമാരാണ്.

വെസ്റ്റ് എളേരി കൊളത്തുകാട് ഏകാധ്യാപക വിദ്യാലയത്തിലെ ബൂത്തിൽനിന്ന്

പുലിക്കുന്ന് ജഗദംബാ ദേവി ക്ഷേത്രത്തിൽ പ്രതിഷ്ഠാ വാർഷിക മഹോത്സവം

കാസർകോട്: പുലിക്കുന്ന് ജഗദംബാ ദേവി ക്ഷേത്രം പ്രതിഷ്ഠാ വാർഷിക മഹോത്സവവും, സമൂഹ സത്യനാരായണ പൂജയും ഇന്നും നാളെയുമായി വിവിധ പരിപാടികളോടെ നടക്കും.രാവിലെ 8ന് പൂജ, 9ന് ഗണപതി ഹോമം, ഉച്ചയ്ക്ക് 12.30ന് മഹാപൂജ എന്നിവ നടന്നു. വൈകുന്നേരം 6.15ന് ദീപാരാധന, 6.41ന് ദീപ പ്രതിഷ്ഠ, ഭജന, രാത്രി 8ന് തിരുമുൽക്കാഴ്ച്ചാ ഘോഷയാത്ര, തിരുമുൽക്കാഴ്ചാ സമർപ്പണം, നടപ്പന്തൽ സമർപ്പണം, 11ന് രംഗപൂജ, പുഷ്പാലങ്കാര പൂജ, മഹാപൂജ, മംഗളം എന്നിവയുമുണ്ടാകും. നാളെ രാവിലെ എട്ടിന് പൂജ, 8.30ന് ഗണപതിഹോമം, 10ന് സാമൂഹ്യ സത്യനാരായണ പൂജ പ്രാരംഭം, 11ന് നാഗതമ്പിലം, ഗുളികതമ്പിലം 11.30ന് നവകാഭിഷേകം, കലശാഭിഷേകം, 12ന് സാക്സഫോൺ വായന, 12ന് സത്യനാരായണ മഹാപൂജ, പ്രസാദ വിതരണം, 12.30ന് മഹാപൂജ, വൈകുന്നേരം 6ന് തായമ്പക, രാത്രി ഏഴിന് മഹാപൂജ, തിടമ്പ് എഴുന്നള്ളത്ത്, ശ്രീഭൂതബലി, നൃത്തബലി, ദർശന ബലി, രാജാംഗണ പ്രസാദം, വെടിത്തറയിലേയ്ക്ക് എഴുന്നള്ളത്ത്, കരിമരുന്നു പ്രയോഗം, ഉത്സവം, രാജാങ്കണ പ്രവേശം, മന്ത്രാക്ഷതം, മംഗളാരതി.

Vol -28, Issue No -79 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com